**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1155** **30-06-2022 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക ഉന്നത സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സാംസ്കാരിക സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നിശ്ചയിക്കുന്നതിനും നയം രൂപീകരിക്കുന്നതിനും വേണ്ടി സാംസ്കാരിക ഉന്നത സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ നൽകുമോ; ഈ സമിതി എന്തെങ്കിലും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; | (എ) | സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കുക, അവയ്ക്കുള്ള ധനസഹായതോത് നിശ്ചയിക്കുന്നതിന് ശിപാർശ ചെയ്യുക, കലാ സാംസ്കാരിക മേഖലയിൽ നവീന സർഗ്ഗാത്മക സംരംഭങ്ങൾക്ക് ആവിഷ്കാരം നടത്തുക, സാംസ്കാരിക നയരൂപീകരണത്തിന് ഉപദേശം നൽകുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് സാംസ്കാരിക ഉന്നത സമിതി 21.02.2018ലെ സ. ഉ. (കൈ) നം. 10/2018/സാം.കാ.വ. പ്രകാരം രൂപീകരിച്ചിരുന്നു. ബഹു.സാംസ്കാരിക വകുപ്പ് മന്ത്രി അദ്ധ്യക്ഷനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി ഉപാദ്ധ്യക്ഷനായും കലാ സാംസ്കാരിക രംഗത്തു നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രമുഖ വ്യക്തി സെക്രട്ടറിയായും സാംസ്കാരിക വകുപ്പ് ഡയറക്ടർ കൺവീനറായും ധനകാര്യ വകുപ്പ് സെക്രട്ടറി, കേരള സാഹിത്യ അക്കാദമി സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി സെക്രട്ടറി, കേരള ലളിതകലാ അക്കാദമി സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി സെക്രട്ടറി, കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നതും നാമനിർദ്ദേശം ചെയ്യപ്പെടുന്നവരുമായ 2 വ്യക്തികൾ തുടങ്ങിയവർ അംഗങ്ങളായുമാണ് സാംസ്കാരിക ഉന്നത സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളത്.<br><br>പ്രസ്തുത സമിതിയുടെ കാലാവധി 5 വർഷമായി നിജപ്പെടുത്തിയിരുന്നു. സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആവർത്തന ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങളുടെ രൂപരേഖ സാംസ്കാരിക ഉന്നത സമിതി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.<br><br>സമിതിയുടെ ഇതു വരെയുള്ള പ്രവർത്തനം സർക്കാർ വിലയിരുത്തുകയും സാംസ്കാരിക രംഗത്തെ |

| | | | |
|---|---|---|---|
| | | | അഭിപ്രായ രൂപീകരണത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി ഉന്നത സമിതിയ്ക്ക് പകരം ഒരു ഉപദേശക സമിതി മതിയാകുമെന്ന നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക ഉന്നത സമിതിയുടെ പ്രവർത്തനം അവസാനിപ്പിച്ചു കൊണ്ട് 20.06.2022 ലെ സ. ഉ. (കൈ) നം.13/2022/സാം.കാ.വ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സമിതിയുടെ പ്രവർത്തനത്തിന് നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) 2017-18 ലെ ബഡ്ജറ്റ് വിഹിതം - Rs 50,00,000/-<br><br>2) 2018-19 ലെ ബഡ്ജറ്റ് വിഹിതം - Rs 50,00,000 /-<br><br>3) 2019-20 ലെ ബഡ്ജറ്റ് വിഹിതം - Rs 48,00,000/-<br><br>4) 2020-21 ലെ ബഡ്ജറ്റ് വിഹിതം- Rs 35,00,000/-<br><br>5) 2021-22 ലെ ബഡ്ജറ്റ് വിഹിതം- Rs 35,00,000/-<br><br>2022-23 സാമ്പത്തിക വർഷം സാംസ്കാരിക ഉന്നതസമിതിയുടെ പ്രവർത്തനങ്ങൾക്കായി 35 ലക്ഷം രൂപ വകയിരുത്തിയിരുന്നു. |
| (ബി) | സാംസ്കാരിക ഉന്നത സമിതിയിൽ ആരെല്ലാമാണ് ഉൾപ്പെട്ടിട്ടുള്ളത്; പ്രസ്തുത സമിതിയുടെ പ്രവർത്തനത്തിന് നാളിതുവരെ പ്രതിവർഷം അനുവദിച്ച തുകയുടെ വിശദാംശം നൽകുമോ? | (ബി) | സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കുക, അവയ്ക്കുള്ള ധനസഹായതോത് നിശ്ചയിക്കുന്നതിന് ശിപാർശ ചെയ്യുക, കലാ സാംസ്കാരിക മേഖലയിൽ നവീന സർഗ്ഗാത്മക സംരംഭങ്ങൾക്ക് ആവിഷ്കാരം നടത്തുക, സാംസ്കാരിക നയരൂപീകരണത്തിന് ഉപദേശം നൽകുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് സാംസ്കാരിക ഉന്നത സമിതി 21.02.2018ലെ സ. ഉ. (കൈ) നം. 10/2018/സാം.കാ.വ. പ്രകാരം രൂപീകരിച്ചിരുന്നു. ബഹു.സാംസ്കാരിക വകുപ്പ് മന്ത്രി അദ്ധ്യക്ഷനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി ഉപാദ്ധ്യക്ഷനായും കലാ സാംസ്കാരിക രംഗത്തു നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രമുഖ വ്യക്തി സെക്രട്ടറിയായും സാംസ്കാരിക വകുപ്പ് ഡയറക്ടർ കൺവീനറായും ധനകാര്യ വകുപ്പ് സെക്രട്ടറി, കേരള സാഹിത്യ അക്കാദമി സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി സെക്രട്ടറി, കേരള ലളിതകലാ അക്കാദമി സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി സെക്രട്ടറി, കലാ സാംസ്കാരിക രംഗത്ത് |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നതും നാമനിർദ്ദേശം ചെയ്യപ്പെടുന്നവരുമായ 2 വ്യക്തികൾ തുടങ്ങിയവർ അംഗങ്ങളായുമാണ് സാംസ്കാരിക ഉന്നത സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളത്.<br><br>പ്രസ്തുത സമിതിയുടെ കാലാവധി 5 വർഷമായി നിജപ്പെടുത്തിയിരുന്നു. സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആവർത്തന ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങളുടെ രൂപരേഖ സാംസ്കാരിക ഉന്നത സമിതി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരുന്നു.<br><br>സമിതിയുടെ ഇതു വരെയുള്ള പ്രവർത്തനം സർക്കാർ വിലയിരുത്തുകയും സാംസ്കാരിക രംഗത്തെ അഭിപ്രായ രൂപീകരണത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി ഉന്നത സമിതിയ്ക്ക് പകരം ഒരു ഉപദേശക സമിതി മതിയാകുമെന്ന നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക ഉന്നത സമിതിയുടെ പ്രവർത്തനം അവസാനിപ്പിച്ചു കൊണ്ട് 20.06.2022 ലെ സ. ഉ. (കൈ) നം.13/2022/സാം.കാ.വ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സമിതിയുടെ പ്രവർത്തനത്തിന് നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) 2017-18 ലെ ബഡ്ജറ്റ് വിഹിതം - Rs 50,00,000/-<br><br>2) 2018-19 ലെ ബഡ്ജറ്റ് വിഹിതം - Rs 50,00,000 /-<br><br>3) 2019-20 ലെ ബഡ്ജറ്റ് വിഹിതം - Rs 48,00,000/-<br><br>4) 2020-21 ലെ ബഡ്ജറ്റ് വിഹിതം- Rs 35,00,000/-<br><br>5) 2021-22 ലെ ബഡ്ജറ്റ് വിഹിതം- Rs 35,00,000/-<br><br>2022-23 സാമ്പത്തിക വർഷം സാംസ്കാരിക ഉന്നതസമിതിയുടെ പ്രവർത്തനങ്ങൾക്കായി 35 ലക്ഷം രൂപ വകയിരുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ